# DESHABHIMANI - 14-03-2025

## കുമ്പളം കായലിൽ കക്കവിത്ത് നിക്ഷേപിച്ചു

**കൊച്ചി**

കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് കുമ്പളം കായലിൽ കക്കവിത്തുകൾ നിക്ഷേപിച്ചു. മത്സ്യത്തൊഴിലാളികൾക്ക് കക്കവിളവെടുപ്പ് ഉപകരണങ്ങളും വിതരണം ചെയ്തു.

സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം പി രമേശൻ പരിപാടി ഉദ്ഘാടനം ചെയ്തു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി അധ്യക്ഷനായി. ഡോ. എ സുരേഷ്, ഡോ. കെ എ മാർട്ടിൻ സേവ്യർ, കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ, വാർഡ് അംഗം പി എ മാലിക്, ബി സി പ്രദീപ്, എ സി ശിവദാസൻ എന്നിവർ സംസാരിച്ചു.